കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

കേന്ദ്രത്തിൽ നിന്നുള്ള അരി വിഹിതത്തിൽ കുറവു വരുത്തുകയും, പകരം കൂടുതൽ ഗോതമ്പുകൊണ്ടു് തൃപ്തിപ്പെടുകയും ചെയ്യുന്നതിനു് സംസ്ഥാന ഗവൺമെന്റു് സമ്മതിക്കുന്നപക്ഷം നിലവിലുള്ള ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റിൽ ഭേഗതി വരുത്താവുന്നതാണെന്നു ഒരു അഭിപ്രായം കേന്ദ്ര കൃഷി വകുപ്പു മന്ത്രി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടു്.

നിഷേധിക്കപ്പെട്ട തൊഴിലവകാശം

*383 [402] ശ്രീ. പിണറായി വിജയൻ:

ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്തു് സർവ്വീസസ് വകുപ്പിൽ ഏതെങ്കിലും ജീവനക്കാർക്കു് ആഴ്ചയിൽ ഒരു ദിവസത്തെ അവധി എടുക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ ;

(ബി) ആഴ്ചയിൽ ഒരു ദിവസത്തെ അവധി എന്ന അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്ന തൊഴിലവകാശം നൽകുന്നതിനു് നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ടു്. ലാബറട്ടറി ടെക്നീഷ്യൻമാർക്കും ആശുപത്രികളിൽ ജോലി ചെയ്യുന്ന പാർട്ടൈം ജീവനക്കാർക്കും ആഴ്ചയിൽ ഒരു ദിവസത്തെ അവധി അനുവദിച്ചിട്ടില്ല. നഴ്സിംഗ് അസിസ്റ്റന്റുമാർക്കും മറ്റും അനുവദിച്ചുകൊണ്ടു് മുമ്പു തന്നെ കൽപ്പനയായിട്ടുള്ളതാണെങ്കിലും, വേണ്ടത്ര സ്റ്റാഫില്ലാത്ത സ്ഥലങ്ങളിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ലാബറട്ടറി ടെക്നീഷ്യൻമാർക്കു് 15 ദിവസത്തിലൊരിക്കൽ അവധി അനുവദിച്ചിട്ടുണ്ടു്.

(ബി) നഴ്സിംഗ് അസിസ്റ്റന്റുമാർക്കും മറ്റു ഫുൾടൈം ആശുപത്രി ജീവനക്കാർക്കും അനുവദിച്ച അവധി നടപ്പാക്കുന്ന കാര്യവും ലാബറട്ടറി ടെക്നീഷ്യൻസിനുകൂടി അതു അനുവദിക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു.

എന്നാൽ പാർട്ടൈം ജീവനക്കാർക്കു് എല്ലാ ദിവസവും ഭാഗികമായി മാത്രമാണു് ജോലി എന്നതിനാൽ പ്രസ്തുത അവധിയുടെ പ്രശ്നം ഉദിക്കുന്നില്ല.

ആയുർവ്വേദ വിദ്യാർത്ഥികളുടെ മെമ്മോറാണ്ടം

*384 [403] ശ്രീ. പി. പി. എസ്തോസ്:

ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആയുർവ്വേദ വിദ്യാർത്ഥികൾ ഗവൺമെന്റിലേക്കു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly